# സി.എം.എസ്. ഹയർ സെക്കൻഡറി സ്കൂൾ
# കുഴിക്കാല

Estd.-1854

Phone: 0468 2362489
Email: cmshskuzhikala@gmail.com




# വിടരുന്ന മൊട്ടുകൾ





റെയ്ച്ചൽ പി വർഗ്ഗീസ്
(ഹെഡ് മിസ്ട്രസ്)

കുഴിക്കാലാ സി.എം.എസ്. ഹയർ സെക്കൻഡറി സ്കൂളിലെ ലിററിൽ കൈറ്റ്സ് കുട്ടികളുടെ നേതൃത്വത്തിൽ 'വിടരുന്ന മൊട്ടുകൾ' എന്ന പേരിൽ ഒരു ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കുന്നതിൽ അതിയായ സന്തോഷം ഉണ്ട്. പാഠ്യ-പഠ്യേതര രംഗത്ത് വിദ്യാലയത്തിന് ആർജിക്കുവാൻ കഴിഞ്ഞിട്ടുള്ള നേട്ടങ്ങൾ രേഖപ്പെടുത്തുന്നതിന് ഈ സ്മരണിക വേദി ഒരുക്കുമെന്ന് പ്രതീക്ഷിക്കുന്നു.....

ഈ ഉദ്യമത്തിന് എല്ലാ വിധ ആശംസകളും നേരുന്നു......



ദീപാ പി. ജോർജ്ജ്
(കൈററ് മിസ്ട്രസ്)

*കാലത്തിന്റെ ഭ്രമണപഥത്തിൽ കൊഴിഞ്ഞു വീണ*
*ഓർമയുടെ നിലാവിനെ*
*കൈക്കുടന്നയിൽ നിറയ്ക്കാൻ ശ്രമിച്ചപ്പോൾ*
*ഉതിർന്നു പോയവ ധാരാളമുണ്ടാവാം*

*എങ്കിലും .....*

*നാം പിന്നിട്ട നിമിഷങ്ങൾ....*
*ചരിത്രത്തിന്റെയും വർത്തമാനത്തിന്റെയും വേദിയാകുവാൻ കഴിയട്ടെ*
*എന്ന പ്രാർത്ഥനയോടെ*
*കുഴിക്കാലാ സി എം എസ് ഹയർ സെക്കൻഡറി*
*സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് കുട്ടികളുടെ*

*എളിയ സംരംഭം .........*

## വിടരുന്ന മൊട്ടുകൾ

സ്ഥലനാമ
കൗതുകങ്ങൾ....5
ജീവിതം....8
മലയാളത്തിൽ ആദ്യമായി....9
മഴത്തുള്ളി....10
എല്ലാം ഒറ്റച്ചെപ്പിൽ....11
സംഖ്യാവിശേഷങ്ങൾ....12
ന്യൂജനറേഷൻ പഴംഞ്ചൊല്ലുകൾ....13
മിന്നാമിനുങ്ങ്....14
എന്തൊക്കെയാണ് ചുറ്റും....15
പ്രപഞ്ചപ്പാട്ട്....16
സൗഹൃദം [കുറിപ്പ് ]....17
മുടിയിലെ മുല്ലപ്പൂ (നാടൻപാട്ട്)....18
2018 ലെ പ്രളയകഥ - [അനുഭവക്കുറിപ്പ്]....19
LIGHTS OUT....20
लोकोक्तियां....21

## സ്ഥലനാമ കൗതുകങ്ങൾ

### ഹരിപ്പാട്



ഹരിപ്പാടിനെ നേരത്തെ അറിയപ്പെട്ടിരുന്നത് അരിപ്പാടെന്നായിരുന്നു. അരിപ്പാടെന്നാൽ നെൽപ്പാടങ്ങളുടെ ദേശമെന്നാണ്. അരിപ്പാടെന്നതു പിന്നീട് സംസ്കൃതസ്വാധീനത്താൽ ഹരിപ്പാടെന്നായി പരിഷ്കരിക്കപ്പെടുകയായിരുന്നു.

മയൂരസന്ദേശത്തിൽ കേരളവർമ്മ വലിയകോയിത്തമ്പുരാൻ അരിപ്പാടെന്നാണ് പറഞ്ഞിട്ടുള്ളത്. ഓണാട്ടുകരരാജാക്കന്മാരുടെ ശിലാരേഖകളിലും അരിപ്പാട് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

ഹരിപ്പാടെന്ന സ്ഥലനാമത്തിന് ഹരിയുടെ അഥവാ വിഷ്ണുവിന്റെ ദേശമെന്ന് അർത്ഥം പറയാമെന്നും പക്ഷമുണ്ട്.അരുവിയും പാടങ്ങളുമുള്ള സ്ഥലം എന്നത് അരിപ്പാട് എന്നതിൽ എത്തിയെന്നും അഭിപ്രായമുണ്ട്.കായംകുളം രാജാവും അമ്പലപ്പുഴ രാജാവും തമ്മിൽ യുദ്ധം ഉണ്ടായെന്നും അക്കാലത്ത് ശത്രുക്കൾ ഒളിച്ചിരുന്നത് ഇവിടെയായിരുന്നുവെന്നും ഇക്കാരണത്താൽ അരി അഥവാ ശത്രുക്കള് ഉള്ള പ്രദേശം അരിപ്പാടായെന്നും പറയുന്നവരുണ്ട്.

## കുട്ടനാട്



കുട്ടനാടിന് ഈ പേര് ലഭിച്ചതിനു പിന്നിൽ ഒട്ടേറെ കഥകളുണ്ട്. ഇതിഹാസത്തിലെ ഖാണ്ഡവവനം കത്തിയെരിഞ്ഞപ്പോഴുണ്ടായ ചുട്ടനാട് ലോപിച്ച് കുട്ടനാട് ആയതാണെന്നാണ് ചില പണ്ഡിതരുടെ അഭിപ്രായം. പുരാതന തമിഴകത്തെ ജനവിഭാഗങ്ങളിൽ പ്രസിദ്ധിയാർജ്ജിച്ച ചേരന്മാർക്ക് കുട്ടുവന്മാർ എന്ന വിളിപ്പേരുണ്ടായിരുന്നു. ചേരന്മാരുടെ രാജാവായിരുന്ന ചെങ്കുട്ടുവന്റെ തലസ്ഥാനം ഇവിടമായിരുന്നു. അങ്ങനെ ചെങ്കുട്ടുവന്റെ നാട് കാലാന്തരത്തിൽ കുട്ടനാടായിത്തീർന്നുവെന്നാണ് മറ്റൊരു വിഭാഗത്തിന്റെ അഭിപ്രായം.

## ചെങ്ങന്നൂർ

പുരാതന കാലത്ത് ശോണാദ്രി എന്നറിയപ്പെട്ടിരുന്ന പ്രദേശമാണത്രേ ചെങ്ങന്നൂരായത്.ശോണാദ്രി മലയാളത്തിലാകുമ്പോൾ ചെങ്കുന്ന് എന്നും. (ശോണം-ചെമപ്പ്,അദ്രി-പർവ്വതം) ചെങ്കുന്നിനോട് ഊര് (ഗ്രാമം)എന്ന് കൂടി ചേർന്നപ്പോൾ ചെങ്കുന്നൂരായി. ഇത് പിന്നീട് വാമൊഴിയായി ചെങ്ങന്നൂരായെന്നാണ് കരുതുന്നത്.

## കാരയ്ക്കാട്

പത്തനംതിട്ട ജില്ലയിലെ പന്തളത്തിനും ആലപ്പുഴ ജില്ലയിലെ ചെങ്ങന്നൂരിനും ഇടയിൽ സ്ഥിതി ചെയ്യുന്ന സ്ഥലം. പ്രകൃതിയുമായി ഇണങ്ങി നിൽക്കുന്ന സ്ഥലനാമം. കാര (മുൾച്ചെടി) ധാരാളമുള്ള സ്ഥലം. ഒരു കാലത്ത് ഇവിടെ ധാരാളം കാരമുൾച്ചെടികൾ ഉണ്ടായിരുന്നിരിക്കാം. ആ പ്രത്യേകത പിന്നീട് സ്ഥലനാമമായതാവാം.

## പെണ്ണുക്കര

ആല പഞ്ചായത്തിലെ പെണ്ണുക്കരയ്ക്ക് ആ പേര് കൈവന്നതിനു പിന്നിലെ വാമൊഴിക്കഥ ഇങ്ങനെ. പഴയ അച്ചൻകോവിലാറിനു കിഴക്കേ കരയിൽ പെണ്ണുക്കര ദേവീക്ഷേത്രവും പടിഞ്ഞാറേക്കരയിൽ ആലാക്കാവ് ക്ഷേത്രവും ശിവക്ഷേത്രവും സ്ഥിതി ചെയ്യുന്നു. ആലാക്കാവിൽ ഭഗവതിയും പെണ്ണുക്കരദേവിയും സഹോദരിമാരാണെന്നാണ് വിശ്വാസം.

സഹോദരസ്ഥാനീയനായ കുതിരവട്ടത്ത് ശാസ്താവ്, ഭഗവതി എവിടെയെന്ന് പരമശിവനോട് ആരായുകയും പെണ്ണ് അക്കരെ എന്ന് ശിവൻ മറുപടി പറയുകയും ചെയ്തതായാണ് ഒരു ഐതിഹ്യം.പെണ്ണ് അക്കരെ എന്നത് കാലാന്തരത്തിൽ പെണ്ണുക്കര ആയെന്നും വാമൊഴി.


അതുപോലെ, ആലാക്കാവ്ഭഗവതി തന്റെ സഹോദരി എവിടെയെന്ന് ചോദിച്ചതായും ഇതിനു മറുപടിയായി പരമശിവൻ പെണ്ണ് അക്കരെ എന്ന് മറുപടി പറഞ്ഞതായും പറയപ്പെടുന്നു.



ജോയിസ് ഉമ്മൻ

(മലയാളം അദ്ധ്യാപിക)

# ജീവിതം






അശ്വതി എസ്.
9B

## മലയാളത്തിൽ ആദ്യമായി



സോന മറിയം രാജു (9A)

| പ്രസ്ഥാനം | കൃതി | രചയിതാവ് |
|---|---|---|
| വഞ്ചിപ്പാട്ട് | കുചേലവൃത്തം | രാമപുരത്തുവാര്യർ |
| ഖണ്ഡകാവ്യം | മലയവിലാസം | ഏ.ആർ.രാജരാജവർമ്മ |
| ചരിത്രനോവൽ | മാർത്താണ്ഡവർമ്മ | സി.വി.രാമൻപിള്ള |
| നോവൽ | കുന്ദലത | അപ്പുനെടുങ്ങാടി |
| ലക്ഷണമൊത്ത നോവൽ | ഇന്ദുലേഖ | ഒയ്യാരത്ത് ചന്തുമേനോൻ |
| തുള്ളൽ | കല്യാണസൌഗന്ധികം | കുഞ്ചൻനമ്പ്യാർ |
| മഹാകാവ്യം | രാമചന്ദ്രവിലാസം | അഴകത്ത് പത്മനാഭക്കുറുപ്പ് |
| ചെറുകഥ | വാസനാവികൃതി | വേങ്ങയിൽ കുഞ്ഞുരാമൻ നായർ |
| രാഷ്ട്രീയനാടകം | പാട്ടബാക്കി | കെ.ദാമോദരൻ |
| യാത്രാവിവരണം | വർത്തമാനപ്പുസ്തകം | പാറേമാക്കൽ തോമാക്കത്തനാർ |
| ഹാസ്യനാടകം | ചക്കീചങ്കരം | മുൻഷി രാമക്കുറുപ്പ് |
| ഭാഷാചരിത്രഗ്രന്ഥം | മലയാളഭാഷാഗ്രന്ഥസമുച്ചയം | പി.ഗോവിന്ദപ്പിള്ള |
| വ്യാകരണഗ്രന്ഥം | മലയാഴ്മയുടെ വ്യാകരണം | ജോർജ്ജ് മാത്തൻ |
| സംഗീതനാടകം | സീതാലക്ഷ്മി | ഇ.വി.കൃഷ്ണപിള്ള |

## മഴത്തുള്ളി



തുള്ളിത്തുള്ളി പെയ്യും മഴയിൽ
എട്ടനോടൊത്ത് ആടിതിമർക്കാം
മഴതൻ തുടി താളത്തിൽ
പച്ചിലപ്പുകൾ നടനമാടുന്നു
അമ്മതൻ
സാരിത്തലപ്പി-
ലൊളിച്ചയെന്നെ
മഴത്തുള്ളി കിലുക്കം മാടിവിളിച്ചു
തൊടിയിലിറങ്ങി ഞാനോടി കളിച്ചു
ഇനിയും വരണം നീ എന്നെ തഴുകുവൻ



അഞ്ജലി ബിനു
9B

# എല്ലാം ഒറ്റച്ചെപ്പിൽ




പ്രെയ്സ് ദിബു (IX A)

മലയാളത്തിലെ എല്ലാ അക്ഷരങ്ങളും ഒന്നിച്ചു വരുന്ന ഒരു വാക്യമെഴുതാമോ?ഇത്തിരി പണിപ്പെടേണ്ടി വരുമല്ലേ.എന്നാൽ ഇംഗ്ലീഷിൽ
ഇത് അല്പം കൂടി എളുപ്പമാണ്.ഇംഗ്ലീഷിലെ 26 അക്ഷരങ്ങളും വരുന്ന വാക്യങ്ങൾക്ക് പാൻഗ്രാം എന്ന് പറയും.ഏറ്റവും പ്രശസ്തമായ പാൻഗ്രാം ഇതാ.

The quick brown fox jumps over a lazy dog.
The five boxing wizards jump quickly.
Pack my box with five dozen liquor jugs.

മലയാളത്തിൽ ഇതു പോലെ ഒരു വാക്യം.
അജവും ആനയും ഐരാവതവും ഗരുഡനും കഠോരസ്വരം പൊഴിക്കെ ഹാരവും ഓഢ്യാണവും ഫാലത്തിൽ മഞ്ഞളും ഈറൻ കേശത്തിൽ ഔഷധ എണ്ണയുമായി ഋതുമതിയും അനഘയും ഭ്രനാഥയുമായ ഉമ ദുഃഖഛരവിയോടെ ഇടതുപാദം ഏന്തി ങ്ങ്യേയാദൃശം നിർഝരിയിലെ ചിറ്റലകളെ ഓമനിക്കുമ്പോൾ ബാലയുടെ കണ്കളിൽ നീർ ഊർന്നു വീണു.

# സംഖ്യാവിശേഷങ്ങൾ





നിത്യാ മധു
9B

അയനങ്ങൾ-ഉത്തരായനം,ദക്ഷിണായനം
ത്രികാലങ്ങൾ-ഭൂതം,ഭാവി,വർത്തമാനം
ചതുരുപായങ്ങൾ-സാമം,ദാനം,ഭേദം,ദണ്ഡം
പഞ്ചാക്ഷരങ്ങൾ-നമഃശിവായ
ഷഡ്വൈരികൾ-കാമം,ക്രോധം,ലോഭം,മോഹം,മദം,മാത്സര്യം
സപ്തസ്വരങ്ങൾ-സ,രി,ഗ,മ,പ,ത,നി
അഷ്ടചൂർണ്ണങ്ങൾ-അയമോദകം, ജീരകം, കരിംജീരകം, ചുക്ക്, തിപ്പലി, മുളക്,ഇന്തുപ്പ്,പെരുങ്കായം
നവരസങ്ങൾ-ശൃംഗാരം, വീരം, കരുണം, ഹാസ്യം, ഭയാനകം, രൌദ്രം, ബീഭത്സം, അത്ഭുതം, ശാന്തം
ദശപുഷ്പങ്ങൾ-ഉഴിഞ്ഞ, മുക്കുറ്റി, പൂവാംകുരുന്നില, മുയൽച്ചെവിയൻ, കറുക, നിലപ്പന, തിരുതാളി, വിഷ്ണുക്രാന്തി, ചെറൂള, കൈതോന്നി(കൈയ്യുന്നി)

## ന്യൂജനറേഷൻ പഴംഞ്ചൊല്ലുകൾ

1. വേണമെക്കിൽ ചക്ക പച്ചയ്ക്കും തിന്നാം.
2. ചങ്ങാതി നന്നായാൽ കാശ് കടം വാങ്ങാം.
3. മിണ്ടാപ്പൂച്ച ഊമ ആയിരിക്കും.
4. മിന്നുന്നതെല്ലാം ലൈറ്റല്ല.
5. പയ്യെതിന്നാൽ സമയം പോകും.
6. ഗതികെട്ടാൽ പുലി നാട്ടിലിറങ്ങും.
7. നാടോടുമ്പോൾ നാട്ടുക്കാരും ഓടും.
8 . മുറ്റത്തെ മുല്ലയ്ക്ക് വെള്ളമൊഴിക്കണം.
9 . വെളുക്കാൻ തേച്ചത് കഴുകാൻ മറക്കരുത്.
10. പണത്തിനു മീതെ റബ്ബർ ബാൻഡ് ഇടണം.
11. കുന്തം പോയാൽ ലുട്ടാപിയെ തപ്പണം.
12. മൂക്കില്ല രാജ്യത്ത് ജലദോഷം,തുമ്മൽ കാണില്ല.
13. ആനയെ കൊട്ടുത്താലും പാപ്പാനെ കൊട്ടുക്കരുത്.
14. ഉപ്പ് തിന്നവർ പഞ്ചസാര കണ്ടുകാണില്ല





ഗായത്രി എസ്സ് വിജയൻ
9A

## മിന്നാമിനുങ്ങ്



ഇതെന്തൊരാനന്ദമിതെന്തു കൗതുകം!
സ്വതന്ത്രമായ് സുന്ദരമിപ്രഭാകണം
ഇതാ പറന്നെത്തിയടുത്തു ഹാ! പറ-
ന്നിതാ തൊടുമ്മുമ്പിതു വിണ്ണിലായിതേ!

ഉടൻ മടങ്ങുന്നിത, പൂത്തിരുട്ടിലായ്-
ക്കിടന്ന വേലിച്ചെടിതന്റെ തുമ്പിതിൽ;
ചുടുന്നതില്ലിച്ചെറുതീയതൊന്നുമേ!
കെടുന്നുമില്ലീ മഴയത്തുപോലുമേ!

ഇരിക്കൊലാ പൊങ്ങുക, വിണ്ണിലോമനേ,
ചരിക്ക നീ മിന്നിമിനുങ്ങിയങ്ങനെ,
വരിഷ്ഠമാം തങ്കമുരച്ച രേഖപോ-
ലിരുട്ടു കീറുന്നൊരു വജ്രസൂചിപോൽ.

സ്ഫുരിക്കുമീ നിന്നുടലിൻ പദാർത്ഥമെ-
ന്തുരയ്ക്ക, മിന്നൽപ്പിണരിൻ സ്ഫുലിംഗമോ?
വിരഞ്ഞുപോം താരഗണങ്ങൾ തമ്മിലാ-
ഞ്ഞുരഞ്ഞുപാറും പൊടിയോ, നിലാവതോ?

പുളച്ചിടുന്നെന്മനതാരഹോ! വെറും
വെളിച്ചമേ, വാ കിളിവാതിലൂടെ നീ,
വിളിച്ചുകേളാത്തവിധം ഗമിക്കിലാ-
മൊളിച്ചിടാൻ കള്ള, നിനക്കു വയ്യെടോ!




നയനാ അനിൽ(9B)

# എന്തൊക്കെയാണു ചുറ്റും




അനന്ദു പ്രേം

9A



# <u>പ്രപഞ്ചപ്പാട്ട്</u>



ജോയൽ റോയി

9A

# സൗഹൃദം [കുറിപ്പ്]



ഒറ്റയ്ക്കായി പോയവൻ കാണുന്ന
ഏറ്റവും നല്ല സ്വപ്നത്തിന്റെ
പേരാണ് കൂട്ട്. നമ്മോട്
ചിരിക്കുന്നവരെല്ലാം നമ്മുടെ
കൂട്ടുകാരല്ല, ഏതവസ്ഥയിലും
നമ്മെ ചിരിപ്പിക്കാൻകൂടെ
നിൽക്കുന്നവരാണ്
നമ്മുടെ കൂട്ടുകാർ.

കാണുന്ന സ്വപ്നമല്ല സൗഹൃദം. നക്ഷത്രങ്ങളിലെ പ്രകാശമല്ല സൗഹൃദം ഹൃദയത്തിൽ ഹൃദയം കൊണ്ട് അറിയുന്ന വികാരമാണ് സൗഹൃദം. അകലം കൂടുന്നതനുസരിച്ച് അടുപ്പം കൂടുന്ന ഈ സൗഹൃദം എക്കാലവും ഹൃദയത്തിൽ സൂക്ഷിക്കാം.

എവിടെയോ ജനിച്ച എവിടെയോ ജീവിച്ച നമ്മളെ കാലപ്രവാഹം സുഹൃത്തുക്കളാക്കി ഒന്നിപ്പിച്ച എന്ന് തീരുമെന്നറിയാതെ
ഈ ജീവിതയാത്രയുടെ അവസാനം വരെ നമുക്ക് നല്ല
സുഹൃത്തുക്കളായി തുടരാം.




വിവേക് രാജ് (9B)

# മുടിയിലെ മുല്ലപ്പൂ (നാടൻപാട്ട്)



അഹല്യ പി ബി
(9B)



കുഞ്ഞിപ്പെണ്ണേ, നാണം കുണുങ്ങി ,
മുല്ലപ്പൂ മുടിയിൽ ചൂടിച്ചുതന്നതല്ലേ
എനിക്കാരും ചൂടിച്ചു തന്നതല്ല,
ഞാനങ്ങിറുത്തു ചൂടീതുമല്ല,
മുല്ലമരത്തിന്റെ ചോട്ടിൽക്കൂടെ
മെല്ലെ നടന്നു പോണനേരം
താനേ മുല്ലപ്പൂക്കൾ കൊഴിഞ്ഞെന്റെ
മുടിനിറച്ചിങ്ങനെ വീണതാണേ

# 2018 ലെ പ്രളയകഥ - [അനുഭവക്കുറിപ്പ്]



2018 ആഗസ്റ്റ് 15 അതിഭയങ്കരമായ വെള്ളപ്പൊക്കമുണ്ടായി. 14- തിയതി രാത്രി എനിക്കും എന്റെ സഹോദരിക്കും രക്ഷപ്പെടാൻ സാധിച്ചു. അതിഭയങ്കരമായ വെള്ളപ്പൊക്കത്തിൽ ഞങ്ങളുടെ വീട് നഷ്ട്പ്പെട്ടു. മല്ലപ്പുഴശ്ശേരി1, 2, 3, 4, 7, 8, 9, 10, 11, 12, 13 എന്നി വാർഡുകളിലെ വീടുകൾ പൂർണമായി നശിച്ചു. വലിയവനും ചെറിയവനും ഇല്ലാതായി. ദൈവം വലിയവനാണെന്നു ലോകമറിഞ്ഞു. മരണം ഒന്നും സംഭവിച്ചില്ല. പക്ഷി-മൃഗാതികൾ മരണപ്പെട്ടു. ലോകം കണ്ട ഏറ്റവും വലിയ പ്രളയമായിരുന്നു. ബുക്കുകളും പുസ്തകങ്ങളുംയൂണിഫോമുകളും ഇല്ലാത്ത അവസ്ഥയുണ്ടായി. സകലവും നഷ്ടപ്പോൾ ദൈവം വലിയവനാണെന്ന് രുചിച്ചറിയാൻ സാധിച്ചതിന് ദൈവത്തിന് നന്ദി രേഖപ്പെടുത്തു ന്നു.



ഗഗന കൃഷ്ണ (9B)

# LIGHTS OUT

I have come to the of sleep ,
The unfathomable deep .
Forest where all must lose .

Their way , however straight ,
or winding , soon or late;
They cannot choose .

There is not any book .
Or face of dearest look .
That I would not turn from now.
To go into the unknown .
I must enter and leave alone .
I know not how .



CHRISTY K. CHACKO
VIll B




## लोकोक्तियां

अंधों में काना राजा

अधजल गगरी छलकत जय

जिसकी लाठी उसकी भैंस

जो गरजते है , वे बरसते नहीं

मुंह में राम ,बगल में छुरी

## പഴഞ്ചൊല്ലുകൾ

മൂക്കില്ല രാജ്യത്തു മുറിമൂക്കൻ രാജാവ്

നിറകുടം തുളുമ്പില്ല

കയ്യൂക്കള്ളവൻ കാര്യക്കാരൻ

കുരയ്ക്കും പട്ടി കടിക്കില്ല

ചിരിച്ചു കൊണ്ട് ചതിക്കുക



ഷെറിൻ അനിയൻ
9B

സാക്ഷ്യങ്ങളുടെ കൈയ്യൊപ്പ് ചാർത്താൻ നീട്ടിയ
എല്ലാ കരങ്ങൾക്കും...........
കുഴിക്കാലാ  സി എം എസ്  ഹൈസ്കൂളിലെ
ലിറ്റിൽ  കൈറ്റ്സ്  കൂട്ടുകാരുടെ
ഹൃദയംഗമമായ നന്ദി ........



മേഘലസ് ജോർജ്ജ് തര്യൻ

(9A)

നന്ദി പറഞ്ഞു അവസാനിപ്പിക്കുന്നില്ല ..........

താളുകൾക്കപ്പുറം വായിച്ചോളൂ .......

